# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4184 — 16.03.2017 -ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് സെന്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്പ്മെന്റ് സെന്റർ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ". ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ ഈ വർഷം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തന സജ്ജമാകും. 2016-17 വർഷം കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

...2/-

| | |
|---|---|
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികളെ തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| (സി) ഏതെല്ലാം സാമ്പത്തിക സഹായങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായങ്ങളൊന്നും തന്നെ ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ